## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5805

28.03.2018 ൽ മറുപടിയ്ക്ക്

# ജയിലുകളിൽ വീഡിയോ കോൺഫറൻസ് സംവിധാനം

| ചോദ്യം<br>ശ്രീ.പി. കെ. ശശി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളെ കോടതി മുറികളുമായി വീഡിയോ കോൺഫറൻസ് വഴി ബന്ധിപ്പിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ട് എന്നു വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ ജയിലുകളെ കോടതി മുറികളുമായി വീഡിയോ കോൺഫറൻസ് വഴി ബന്ധിപ്പിക്കാൻ 5 ജില്ലയിലെ ജയിലുകളിൽ നിലവിൽ 26 വീഡിയോ കോൺഫറൻസിംഗ് സ്റ്റുഡിയോകൾ ഉണ്ട്. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിലുള്ള 5 ജില്ലകളിലെ സംവിധാനം നവീകരിക്കുന്നതിനും ഈ സംവിധാനം ഇല്ലാത്ത 9 ജില്ലകളിലെ ജയിലുകളിൽ നടപ്പിലാക്കുവാനും തീരുമാനിക്കുകയും പ്രസ്തുത പദ്ധതി കെൽട്രോണിനെ ഏൽപ്പിച്ചു. കണക്റ്റിവിറ്റി ബി.എസ്.എൻ.എൽ. മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (സി) | പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കു - കവഴി പോലീസുകാരുടെ ക്രമസമാധാന ചുമതല സംബന്ധിച്ച സേവനം മെച്ചപ്പെടുത്താനും യാത്രാപ്പടി ഇനത്തിലെ ചെലവ് സർക്കാരിലേക്ക് മുതൽക്കൂട്ടാനും കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; | (സി) | കോടതി നടപടികൾ വേഗത്തിലാക്കാനും, ജയിൽ സുരക്ഷ കണക്കിലെടുത്തും, യാത്രാ ചെലവുകളും കണക്കിലെടുക്കുമ്പോൾ ഈ സംവിധാനം വളരെ പ്രയോജനകരമാണ്. |
| (ഡി) | എങ്കിൽ ഓരോ മാസവും പ്രസ്തുത പ്രവർത്തനങ്ങൾക്ക് എത്ര പോലീസുകാരുടെ സേവനം വേണമെന്നും അവർക്കുള്ള യാത്രാ ചെലവ് എത്രയെന്നും സംബന്ധിച്ച വിശദാംശം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ലഭ്യമാക്കുമോ ? | (ഡി) | ഓരോ മാസത്തേയും കൃത്യമായ വിവരം ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ